LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ 9 യൂണിവേഴ്സിറ്റികളുണ്ട്.

(ബി) കേരള യൂണിവേഴ്സിറ്റിയിൽ നിലവിൽ 191 അസിസ്റ്റന്റുമാരും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിലവിൽ 111 അസിസ്റ്റന്റുമാരും കുസാറ്റിൽ 181 അസിസ്റ്റന്റുമാരും ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ 63 പേരും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലായി 594 പേരും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 719 അസിസ്റ്റന്റുമാരും നിലവിൽ ജോലി ചെയ്തുവരുന്നു. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി & ഡി) കേരള യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 592 ഒഴിവുകളും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 75 അസിസ്റ്റന്റിന്റെ ഒഴിവുകളും കുസാറ്റിൽ 30 ഒഴിവുകളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ 118 അസിസ്റ്റന്റുമാരുടെ ഒഴിവുകളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 20 ഒഴിവുകളും ഇപ്പോൾ നിലവിലുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ ഒഴിവ് നിലവിലില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഇ) പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നിലവിൽ തടസ്സമില്ല.

## പ്രവാസികളുടെ ഉപരിപഠന സാധ്യതകൾ

151 (2185) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ഉപരിപഠനത്തിന് എന്തെങ്കിലും സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ;

(ബി) പ്രവാസി മലയാളികൾ ധാരാളമുള്ള ഗൾഫ് രാജ്യങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വിദൂര പഠന കേന്ദ്രങ്ങളോ മറ്റേതെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ;

(സി) പ്രവാസികളായി തീരുന്നതു കാരണം പഠനം തുടരാൻ നിർവ്വാഹമില്ലാത്ത മലയാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) മലയാള സാഹിത്യവും സംസ്കാരവും പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ കീഴിൽ ഒരു ഓൺലൈൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൾഫ് രാജ്യങ്ങളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ പ്രവർത്തിച്ചു വന്നിരുന്ന വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 2013-14 വർഷം വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സും പരീക്ഷകളും പൂർത്തീകരിക്കുവാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായി കുസാറ്റിന്റെ കീഴിൽ വിവിധ കോഴ്സുകളിലേയ്ക്ക് സീറ്റുകൾ നീക്കിവയ്ക്കുകയും കുസാറ്റ് എൻട്രൻസ് പരീക്ഷയ്ക്ക് ഒരു സെന്റർ ദുബായിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവാസി മലയാളികളുടെ മക്കൾക്കായി ന്യുവാൽസിൽ 12 സീറ്റുകൾ എല്ലാ വർഷവും നീക്കിവയ്ക്കാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കമ്മ്യൂണിറ്റി കോളേജുകൾ**

152 (2186) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?